**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5897

9.7.2012ൽ
മറുപടിയ്ക്ക്

**ശബരി സ്റ്റോറുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ശബരി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; | എ) ശബരി എ. ആർ.ഡി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഈ സർക്കാർ അധികാരമേറ്റശേഷം ശബരി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | ബി) ഇല്ല. |

സെക്ഷൻ ഓഫീസർ

റേഷൻ കടകളെ ശബരി സ്റ്റോറായി തിരഞ്ഞെടുക്കുന്നതിന് സപ്ലൈകോ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് വൃത്തിയായും ആകർഷണീയവുമായ രീതിയിൽ പ്രദർശിപ്പിക്കുന്നതിന് റേഷൻ കടയ്ക്ക് ചുരുങ്ങിയത് 250 ച.അടി വിസ്തീർണ്ണം ഉണ്ടായിരിക്കണം.
2. ചുരുങ്ങിയത് 350 റേഷൻ കാർഡുകൾ കടയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാവണം. എന്നാൽ കൂടുതൽ വ്യാപാര സാദ്ധ്യതയുള്ളതും ഉൾ പ്രദേശത്തുള്ളതുമായ റേഷൻ കടകൾ മറ്റ് നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ മുകളിൽ പ്പറഞ്ഞ 350 റേഷൻ കാർഡുകൾ വേണമെന്ന നിബന്ധന പാലിക്കണമെന്ന നിർബന്ധമില്ല.
3. റേഷൻ കട ഗതാഗത സൗകര്യമുള്ള പ്രദേശത്താണ്. മാത്രമല്ല ഗതാഗതത്തിന് തടസ്സമില്ലാത്ത വിധം വാഹനം പാർക്ക് ചെയ്യുന്നതിനും സാധനങ്ങൾ ഇറക്കുന്നതിനും കടയുടെ മുൻപിൽ ആവശ്യത്തിന് പാർക്കിംഗ് സൗകര്യം ഉണ്ടായിരിക്കണം.
4. റേഷൻ കടയും അടുത്തുള്ള സപ്ലൈകോ വിൽപ്പന ശാലയുമായി ചുരുങ്ങിയത് രണ്ടു കിലോ മീറ്റർ ദൂരം എങ്കിലും ഉണ്ടായിരിക്കണം.
5. റേഷൻ കട എല്ലാ പ്രവർത്തി ദിവസങ്ങളിലും ചുരുങ്ങിയത് 8 മണിക്കൂറെങ്കിലും പ്രവർത്തിക്കേണ്ടതാണ്.
6. റേഷൻ സാധനങ്ങൾക്ക് ചുരുങ്ങിയത് 10 ലക്ഷം രൂപ പ്രതിവർഷ വിൽപ്പന ഉള്ളതും പലചരക്ക്, ശബരി, നോൺ മാവേലി സാധനങ്ങൾ ഉൾപ്പെടെ 20 ലക്ഷം വിൽപ്പന സാദ്ധ്യത ഉള്ളതും ആയിരിക്കണം.
7. റേഷൻ വ്യാപാരിയ്ക്ക് റേഷൻ സാധനങ്ങൾക്ക് പുറമേ 1 ലക്ഷം രൂപയ്ക്കുള്ള സാധനങ്ങൾ സപ്ലൈകോയിൽ നിന്ന് എടുത്ത് വിൽപ്പന നടത്താൻ കഴിവുണ്ടായിരിക്കണം
8. എല്ലാ പ്രവർത്തി ദിവസങ്ങളിലും ഉപഭോക്താക്കൾക്ക് സാധനങ്ങൾ വാങ്ങിക്കുന്നതിന് കടയിൽ ഒരു സ്ഥിരം സെയിൽസ്മാൻ ഉണ്ടായിരിക്കും.
9. എടുക്കുന്ന സാധനങ്ങളുടെ വില മുഴുവനായും ഡെലിവറി സമയത്ത് തന്നെ കൊടുത്തിരിക്കണം.
10. റേഷൻ വ്യാപാരിയ്ക്ക് ലോക്കൽ വ്യാപാരി /വ്യവസായി അസോസിയേഷനുമായി മെമ്പർഷിപ്പ് ഉണ്ടായിരിക്കണം
11. കടയിൽ ഒരു കമ്പ്യൂട്ടറോ അല്ലെങ്കിൽ ചുരുങ്ങിയത് ഇ മെയിൽ അയയ്ക്കാനുള്ള സംവിധാനമോ കടയുടെ പരിസരത്ത് കമ്പ്യൂട്ടർ സൗകര്യമോ ഉള്ള റേഷൻ കടകൾക്ക് മുൻഗണന നൽകേണ്ടതാണ്.
12. മാവേലി/ നോൺ മാവേലി സാധനങ്ങൾ (ശബരി, FMCG ഉൽപ്പന്നങ്ങൾ ഉൾപ്പെടെ) 1: 2 റേഷ്യോയിൽ ഇൻഡന്റ് ചെയ്യാൻ കഴിയണം.
13. കടയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും കടയുടെ മുൻപിൽ നെയിം ബോർഡ്, വിലവിവരപട്ടിക എന്നിവ പ്രദർശിപ്പിക്കേണ്ടതുമാണ്. കട വൈറ്റ് വാഷ്/ പെയിന്റ് ചെയ്ത് ഉപഭോക്താക്കളെ ആകർഷിക്കുന്ന രീതിയിൽ സാധനങ്ങൾ റാക്കുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
14. റേഷൻകട ലൈസൻസിയും സപ്ലൈകോ റീജിയണൽ മാനേജരുമായി ഉടമ്പടി ഉണ്ടാക്കേണ്ടതും സപ്ലൈകോയുമായി ഉണ്ടാക്കുന്ന കരാർ കടയുടെ ലൈസൻസി പാലിക്കാൻ ബാദ്ധ്യസ്ഥനായിരിക്കും.